2013

# വെള്ളപ്പായസം!

പെട്ടന്നാണ് ഓഫീസിലാകെപ്പാടെ ഒരു ബഹളം പൊട്ടിപ്പുറപ്പെട്ടത്, കുറേ പേര് കസേരടെ മേളില്, കുറേ പേര് ടേബിളിന്റെ മുകളില് ആകെപ്പാടെ അലർച്ച, നിലവിളി, ബഹളം, ചിരികളുടെ കൂത്ത് അയാൾക്കൊന്നും നേരെ മനസ്സിലായതുമില്ല. ~~ക്യാമ~~ ക്യാമറയിൽ നോക്കിയപ്പോൾ വെറും കൂപ്പ് അയാളൊന്ന് മൊത്തത്തിൽ ചോദിച്ചു.

'നീ പോ, വല്ല കള്ളനാണോ?'

'അമ്പലക്കാരെ ഇങ്ങോട്ട് വാ' അയാൾ ഉമ്മറത്തിരിക്കുന്ന വേലുവിനെ ~~കൂട്ടി~~ ഞെട്ടി.

'എന്താ സാറേ?'

'എന്താ അവിടെ ഒരു ബഹളം, വല്ല കള്ളന്മാരും കേറിയോ?'

എ.സി റൂമിലിരുന്നിട്ടും, അയാൾ ഷർട്ട് ഒക്കെ പാടം കിളച്ചവനെ പോലെ വിയർത്തുകൊണ്ടിരുന്നു.

'ഏയ് അങ്ങനൊന്നും അല്ല സാറെ, ഏതോ ഒരു പണ്ടാരത്തി തന്നു, അതിനെ നാറിക്കും വെച്ചു, ഒരു വൃത്തിം വടക്കേലുള്ള സാധനം, അതിനെ കണ്ടിട്ടാ പെണ്ണുങ്ങടെ ഒക്കെപ്പാടെ ബഹളം വച്ചത്, വന്ന് വന്നിപ്പോ, ചാന്തിന് കേറിയ ആണുങ്ങളും ദിക്കാടനം!'

'എവിടെ ആ സെക്യൂരിറ്റി, അതിനെ പറഞ്ഞ് വിടാൻ പറ, ആരാ ആ സാധനത്തിനെ ബാങ്കിന്റെ ഉള്ളിൽ കേറ്റി?'

'അയാളെ ഒന്നും ഇവിടെ കാണല്ല, വീട്ടിലെന്ന പോലെ 'ഇവിടെ ഒന്നുന്നും പറഞ്ഞ്, പറഞ്ഞുവിടാനൊന്നും ഇല്ലല്ലോ', ബോധിച്ച് പോയില്ലേ?'

'നീ വല്ല 500 രൂ 1000 രൂ കൊടുത്ത് പറഞ്ഞ് വിടാൻ നോക്ക്, ഇല്ലെങ്കി അപ്പറത്ത്ന്ന് വല്ലതും കഴിക്കാൻ വാങ്ങികൊടുക്ക്'

'അതല്ലേ രസം സാറെ, സാറെ കാണാണ്ട് മുച്ചത്ത്യാര് പോവില്ലെന്ന്, വല്ല ലോണിന്റെ കാര്യം സംസാരിക്കാനാവുമോ!'

'എന്നാലെ അവർക്ക് നീ ന്യായം നിൽക്ക്, മനുഷ്യനിവിടെ പൊന്ത്കേറി നിക്കുമ്പൊ അവന്റെ തമാശ, അതിനെ എങ്ങനെയും പറഞ്ഞ് വിടാൻ നോക്കടാ'

'ഒരു രക്ഷേം ഇല്ല സാറെ'

'എന്നാ അതിനെ ഇങ്ങ് കേറ്റി വിട്'.

ഇരുട്ടിനെക്കാൾ മെലിഞ്ഞുപോയൊരു സ്ത്രീ, ആകമാനം ചുക്കിച്ചുളുങ്ങി- ഒരു ഭാണ്ഡക്കെട്ട്, കറുത്തുപോകാത്ത തലമുടി, അയാളവരെ തുറിച്ച് നോക്കി.

'എന്താ തള്ളേ, എന്ത് വേണം?'

'എനിക്കൊന്നും വേണ്ട മോനെ'

'പിന്നെ, എന്തിനാ ഇങ്ങോട്ട് വന്നതെന്തോ ഉണ്ടായിട്ട്?'

'ഇതൊന്നും വേണ്ട മോനെ, ഇക്ക് ഒരു സാധനം തരാന്ട്'

ഇതും പറഞ്ഞ് അവരാ പിഞ്ഞിത്തീരിയിട്ടും പിന്നെയും പിന്നെയും തുന്നിച്ചേർത്ത ഭാണ്ഡത്തിൽ നിന്നും ഒരു കടലാസുപൊതി പുറത്തെടുത്തു വെച്ചു.

'ഇന്ന് അന്റെ പെറന്നാളല്ലേ കുട്ട്യേ, വെള്ളപ്പായസം കിട്ടിലെങ്കി നി കരഞ്ഞാലോ ന്ന് വിചാരിച്ച് ഉമ്മ കൊണ്ടുന്നതാ, ഇന്നാ അന്റെ 'വെള്ളപ്പായസം' ഉടുപ്പിലാക്കാണ്ടെ കഴിച്ചണോം ട്ടോ!'

പ്രതിമച്ചുവരിൽ ആണികൊണ്ട പോലെ അവൻ നിന്നു. ഓർമ്മകളുടെ ഭാണ്ഡക്കെട്ട് പിന്നെയും കൂട്ടിക്കെട്ടി അവൻ നടന്നു. ആ മുഖത്തെ ചുളിച്ചുളിവുകളിലെയും ഉപ്പ് അടിഞ്ഞുകൂടിയതാണെന്ന് അവന് തോന്നി. ആ മുഖത്തിന് ആരുടെയോ മുഖച്ഛായ, അവന് ഓർമ്മയില്ലാത്ത, അവൻ മറന്നുപോയ ആരുടെയോ മുഖച്ഛായ. ഫോണിന്റെ വൈബ്രേഷനാണ് അവന് സ്വബോധം കൊടുത്തത്. വിളിച്ചിട്ടും, വിളിച്ചിട്ടും എടുക്കാഞ്ഞതിനാൽ ഒരു മെസ്സേജയച്ചിരിക്കുന്നു "ഹാപ്പി ബർത്ത്ഡേ ടു യൂ"

അയാൾ അലമാരയുടെ നിഴൽ വീഴാത്ത ഒരു താക്കോൽദ്വാരത്തിലേക്ക് മാറി നിന്നു. പൊതി തുറന്ന് ആ വെള്ളപ്പായസം നുണഞ്ഞു.

ആഹാ! അതിന് കണ്ണീരുപ്പിന്റെ മധുരം

അയാളുടെ നാക്ക് പുളിച്ചു!